**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 707** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണ മേഖലകളിലെ ജനങ്ങൾക്ക് ഇൻഷുറൻസ് പദ്ധതി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | ശ്രീ. ഷിബു ബേബി ജോൺ |
| ശ്രീ. പി .എം. എ. സമീർ | (വനം, വന്യജീവി - നൈപുണ്യ വികസന |
| ശ്രീ. എം. റഹ്മത്തുള്ള | വകുപ്പ് മന്ത്രി) |
| ശ്രീ. എ. കെ. എം. അഷ്റഫ് | |

**(എ)** വനമേഖലകളോട്ട ചേർന്ന പ്രദേശങ്ങളിലെ കർഷകർക്കും വന്യജീവിശല്യമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിദഗ്ധ സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. വനമേഖലകളോട്ട ചേർന്ന പ്രദേശങ്ങളിലെ കർഷകർക്കും വന്യജീവിശല്യമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിനുള്ള പദ്ധതി പരിഗണനയിൽ ഉണ്ട്.

**(ബി)** കേരളത്തിലെ വനപ്രദേശങ്ങളുടെ മൃഗവാഹകശേഷിയെക്കുറിച്ച് (ക്യാരിയിങ് കപ്പാസിറ്റി) പഠനം നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

**<u>മറുപടി:</u>** ഉണ്ട്. ഇക്കാര്യത്തിൽ ഒരു പഠനം നടത്താൻ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**